# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5123 22.05.2017 ൽ മറുപടിയ്ക്ക്

## പയ്യന്നൂർ കാങ്കോൽ വില്ലേജിൽ ആലക്കാട്ടുള്ള 250 കുടുംബങ്ങൾ

| ചോദ്യം<br>ശ്രീ.വി.ആർ. സുനിൽ കുമാർ | | മറുപടി<br>ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ മണ്ഡലത്തിൽപ്പെട്ട കാങ്കോൽ വില്ലേജിൽ ആലക്കാട്ടുള്ള പാറപ്രദേശത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 3 സെന്റ് വീതം 250 കുടുംബങ്ങൾക്ക് പതിച്ച് നല്കിയ ഭൂമിയിൽ വീട് വച്ച് താമസിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി കണ്ണൂർ ജില്ലാ കളക്ടർക്ക് ജനസമ്പർക്കപരിപാടിയിൽ 30.01.17 ന് ഗുണഭോക്താക്കൾ നല്കിയ പരാതിയിന്മേൽ (രജിസ്റ്റർ നം. 15141914, അപേക്ഷാ നം. 10227) തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ)യും (ബി)യും അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ട്. പയ്യന്നൂർ വില്ലേജിൽ താമസിക്കുന്ന അപേക്ഷകയ്ക്ക്, ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം തളിപ്പറമ്പ് താലൂക്കിലെ കാങ്കോൽ വില്ലേജിലാണ് ഭൂമി അനുവദിച്ചത്. ഭൂമി കാങ്കോൽ വില്ലേജിലായതിനാൽ, പയ്യന്നൂർ മുനിസിപ്പാലിറ്റിയിൽ നിന്നും അർഹതപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള ധനസഹായം അനുവദിക്കുമ്പോൾ, അപേക്ഷകയ്ക്ക് ധനസഹായം ലഭിക്കുന്നില്ല എന്നതാണ് പരാതി. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം, വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി ഇല്ല. വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്ന പഞ്ചായത്ത് സ്കീമിൽ അപേക്ഷകയെ ഉൾപ്പെടുത്തുന്നതിന് കാങ്കോൽ - ആലപ്പടമ്പ പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ